B. 33

# ശ്രീചിത്രവിജയം

## കഥകളി.

മഹോപാദ്ധ്യായഃ
എസ്. കെ. ആചാരി.

[illegible]
[illegible]
[illegible]

# ശ്രീചൈത്രവിജയം.

## കഥകളി.

9469
B 33

ഗ്രന്ഥകൎത്താ,
മഹോപാദ്ധ്യായഃ
എസ്. കെ. ആചാരി.

വി. വി. പ്രെസ്സ്—കൊല്ലം.

1-ാം പതിപ്പു കാപ്പി—500.

പകൎപ്പവകാശം ഗ്രന്ഥകൎത്താവിൽ.

1120

[വില അണ 8.

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIT..A VEEDU
M..LAYINKIL

# പ്രസ്താവന.

B. 33

അനേകായിരം തലമുറകളായി ഹിന്ദുമതത്തെ ആവേശിച്ചിരുന്ന അയിത്തരക്ഷസ്സിനെ ഒരു തൂലികത്തുമ്പുകൊണ്ടു്—ഒരു തുള്ളി മഷികൊണ്ടു്—സമുന്മൂലനം ചെയ്യുവാൻ സാധിച്ച ശ്രീ ചിത്തിരതിരുനാൾ പൊന്നുതമ്പുരാൻ തിരുമനസ്സിലെ ദിവ്യപ്രഭാവത്തിന്റെ ഒരു വിശിഷ്ട ചിത്രീകരണമാണു് ഈ നൂതനകഥകളി പ്രബന്ധം.

രണ്ടുമൂന്നുവർഷങ്ങൾക്കുമുമ്പു്,—അതായതു് ആയിരത്തിനൂററിപ്പതിനേഴിലാണെന്നു തോന്നുന്നു—ഇങ്ങനെ ഒരു ഗ്രന്ഥം നിർമ്മിച്ചാൽ കൊള്ളാമെന്നു് ഒരു അഭിലാഷം എന്റെ മനസ്സിൽ ഉദിക്കുകയും, തൽഫലമായി ഏതാനും വരികൾ കുത്തിക്കുറിക്കുകയും ചെയ്തു. കാവ്യനിർമ്മിതിക്കു് അത്യന്താപേക്ഷിതമായ സ്വാസ്ഥതാപ്രരോചനയുടെ അഭാവത്താൽ രണ്ടുവർഷക്കാലം കവിതാവനിതയുമായി വേർപെട്ടുതന്നെ കഴിയേണ്ടിവന്നു. ഈ നവവർഷത്തിൽ വീണ്ടും ആ ദേവിയുമായി രഞ്ജിക്കുവാൻ ദൈവഗത്യാ സാധിക്കുകയും ഏതാണ്ടു് ഇക്കഴിഞ്ഞ മേടം പത്താമുദയത്തിനു് ഈ കൃതി പൂർത്തിയാക്കുകയും ചെയ്തുവെന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ.

പുരോഗമനസാഹിത്യം, മിസ്റ്റിക്ക് മുതലായ പാശ്ചാത്യവേഷങ്ങൾ കെട്ടി കൈരളി കഷ്ടപ്പെടുന്ന ഈ കലഘട്ടത്തിൽ എന്റെ ഈ സംരംഭം ആ പുണ്യ

വതിയുടെ ബാലലീലയെ അനുസ്മരിപ്പിക്കാനെങ്കിലും പൎയ്യാപ്തമാകുമെന്നും സകല ന്യൂനതകളും ഇതിലെ ഇതിവൃത്തത്തിൻെറ മഹസ്സിൽ ലയിക്കുമെന്നുമുള്ള പൂൎണ്ണവിശ്വാസത്തോടുകൂടി ഈ കാവ്യമാല്യം കൈരളീകളകണ്ഠത്തിൽ സാദരം സമൎപ്പിച്ചുകൊള്ളുന്നു.

സുസമ്മതപണ്ഡിതകവിശ്രേഷ്ഠനായ ശ്രീ: കാവുങ്ങൽ നീലകണ്ഠപ്പിള്ള അവൎകൾ സമുചിതമായ ഒരു അവതാരിക എഴുതിത്തന്ന് എന്നെ അനുഗ്രഹിച്ചതിന് ഞാൻ ആ മാന്യദേഹത്തോട് എന്നന്നേയ്ക്കും കടപ്പെട്ടവനായിരിക്കുന്നു,

സ്വതഃസിദ്ധമായ സംഗീതപാടവത്തോടെ ഈ കൃതി ആദ്യന്തം വായിച്ചുനോക്കി ഇതിലെ പദ്യങ്ങളും പദങ്ങളും നൃത്തഗീതാദികൾക്ക് അനുഗുണങ്ങളാണെന്നു സ്വാഭിപ്രായം രേഖപ്പെടുത്തിത്തന്ന തിരുവനന്തപുരം ശ്രീ. കൊച്ചപ്പി ആചാരി അവൎകളോടും ഞാൻ എൻെറ ഹാൎദ്ദമായ നന്ദി പ്രകാശിപ്പിച്ചുകൊള്ളുന്നു.

എസ്. കെ. ആചാരി,
പെരിനാട്.

# അവതാരിക.

അതിമാനുഷമഹിമോജ്ജ്വല യശോനിധിയായ ശ്രീ ചൈത്രദേവരാജർഷിയുടെ അപദാനശതമാലയിലെ നടുനായകമായി ശോഭിക്കുന്ന "അയിത്തോച്ചാടന" സുധീരകൃത്യത്തെ പൗരാണികഹേതൂത്ഭാവനത്താൽ സമഞ്ജസമാക്കി ശ്രീ: മഹോപാദ്ധ്യായ എസ്. കെ. ആചാരിഅവർകളാൽ സമ്യക്പ്രണീതമായ ഒരു പുണ്യഖണ്ഡകാവ്യമാണ് പ്രസ്തുത ശ്രീ ചൈത്രവിജയം.

കഥകളി എന്ന സുപ്രസിദ്ധദൃശ്യകാവ്യരൂപത്തിൽ രചിക്കപ്പെട്ടിരിക്കുന്ന ഈ പ്രബന്ധതല്ലജം പാത്രകല്പന, രംഗവിധാനം, രചനാസൌഷ്ഠവം, ഭാവനാപ്രൌഢി മുതലായ ദൃശ്യകാവ്യഗുണങ്ങളാൽ ആകർഷകമായി വിളങ്ങുന്നുണ്ട്.

കഥകളിക്കല, വഞ്ചിമാതൃജഠരസ്ഥാനീയമായ കൊട്ടാരക്കരയിലുത്ഭവിച്ച് ദൃഢപിണ്ഡയായി ഭൂലോകത്തിൽ അവതരിച്ച് വിദ്വൽകവിജനപരിപോഷണത്താൽ യുവവയസ്സിലെത്തി കേരളക്കരയിൽ സ്വൈരവിഹാരം ചെയ്ത് പ്രത്യഗ്ര നവരസാനുഭൂതിയിൽ തത്രത്യരെ ആഹ്ലാദിപ്പിച്ച് ആസ്തിക്യബുദ്ധിയെ ദൃഢബദ്ധമാക്കി സമുല്ലസിച്ചുവരവേ കാലോചിതമായ പരിഷ്കാരത്തിനു വിധേയയായി വിദേശങ്ങളിൽപോലും പുകഴ്നിലാവു വീശി വിളങ്ങിപ്പോരുന്ന കഥ സർവ്വവിദിതമാണല്ലോ.

വിവിധരസങ്ങളുടെ ഏകകപദേ ഉള്ള പ്രകടനത്തിന്റെ ശ്രമസാദ്ധ്യതയെ പുരസ്കരിച്ച്

"ചാട്ടം നോട്ടം കലാശം തിരിവൊട്ടു ചരിവും
ഹസ്തതാളത്തിൽ വേണം.
പാട്ടും കൊട്ടും നിനച്ചാടണമതിനൊട്ടുനേ-
രാകുമോ നാടകൌഘം"

എന്നു് ഒരു പണ്ഡിതകവി പറഞ്ഞിട്ടുള്ള അഭിപ്രായം നാടകത്തെ അപലപിക്കുന്നില്ലെങ്കിലും കഥകളി അഭിനയിച്ചു ഫലിപ്പിക്കുവാൻ അത്ര സുകരമല്ലെന്നു തെളിയിക്കുന്നു.

ഗ്രന്ഥകാരൻ അഭിവന്ദ്യവും സ്മരണീയവുമായ പ്രസ്തുത കഥാവസ്തുവെ കഥകളിരൂപത്തിൽ പ്രബന്ധീകരിക്കുവാൻ പ്രദർശിപ്പിച്ച മനോധർമ്മം മനസ്വിതയുടെ ഒരു മഹിതമുദ്രയായി വിളങ്ങുന്നുണ്ടു്.

ഈ പുണ്യഗ്രന്ഥം പാഠ്യപുസ്തകമായി സ്വീകരിക്കുന്നപക്ഷം തിരുമനസ്സിലെ അപ്രതിമമായ "നവയുഗസൃഷ്ടി"പ്പുകഴ്പെററ "ക്ഷേത്രപ്രവേശന വിളംബര"ത്തിനു് ഒരു അനുത്തമസ്മാരകമായി പരിലസിക്കുമെന്നുള്ളതിൽ സംശയമില്ല.

പട്ടുചരടിൽ കോർത്ത വജ്രപ്പതക്കംപോലെ അനഘവും അഭികാമ്യവുമായ ഈ കൃതിതല്ലജത്തെ യഥാമതി അഭിനന്ദനസ്തവത്താൽ ആരാധിക്കുവാൻ അല്പസാരനായ എനിക്കു് കൈവന്ന ഭാഗ്യോദയത്തെ അതിപ്രധാനമായി അഭിമാനിച്ചുകൊണ്ടു് സഹൃദയരസികമായ ഈ സാഹിത്യോപഹാരത്തെ മഹാജനസമക്ഷം പ്രശ്രയപൂർവ്വകം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

കാവുങ്ങൽ നീലകണ്ഠപ്പിള്ള.

PRESENTED BY
SRI M. K. VASUDEVAN NAIR
MANJAVILAYELDU
MALAYINKIL

# അഭിപ്രായം.

---

പരിപാവനമായ ക്ഷേത്രപ്രവേശനവിളംബരത്തെ അടിസ്ഥാനമാക്കി ശ്രീ: മഹോപാദ്ധ്യായ എസ്. കെ. ആചാരി അവർകളാൽ രചിക്കപ്പെട്ട "ശ്രീചൈതന്യവിജയം" എന്ന പുതിയ കഥകളിഗ്രന്ഥം കയ്യെഴുത്തുകാപ്പി ശ്രദ്ധാപൂർവ്വം വായിച്ചുനോക്കിയതിൽ ഇതിലെ പദ്യങ്ങളും പാട്ടുകളും പാടാനും ആടാനും അത്യന്തം യോജിച്ചവയാണെന്നാണ് എന്റെ വിനീതമായ അഭിപ്രായം. ഗ്രന്ഥകാരന് സർവ്വവിധ വിജയങ്ങളും ആശംസിച്ചുകൊള്ളുന്നു.

കൊച്ചപ്പിആചാരി (ഒപ്പ്)
കരിക്കകം,
തിരുവനന്തപുരം.

B:33
GRANDHASALA
MALAYINKIL

---

# ശ്രീ ചൈത്രവിജയം

## (കഥകളി)

---

ഭൈരവി—ചെമ്പട.

ത്രൈലോക്യം യഃ സമുദ്രേ ഫണിപതിശയനഃ
പാലയത്യേവ നിത്യം
ലക്ഷ്മീസംക്രാന്തചിത്തോപ്യഖിലഭുവനഭൃ-
ത്താന്തരാത്മാ വിഭാതി
നിദ്രാമുദ്രാനുബന്ധാപ്യരികുലഹരണേ
ജാഗ്രതീയസ്യ ദൃഷ്ടിർ-
നിത്യാനന്ദഃ സദുഗ്ദ്ധാംബുധിശ്ശുഭനിലയേ
പത്മനാഭോന്യവാത്സീത്

ആദിതേയനാഥസേവ്യനാദിശേഷശായി
വേദഭ്രുതഹാദിബീജപാദപത്മശോഭി
വേദിമുനിജനമനോവേദികാവിലാസി
സാദിതദിതിജകുലഭൃതി രിപുഭേദി
ക്ഷീരവാരിരാശിലസച്ചാരുതരാകാരൻ
ശാരദനഭസി നവനീരദസമാനൻ
മങ്ഗളദേവതായുതമങ്ഗളപ്രദീപം
സങ്ഗഹീനൻ യോഗനിദ്രാസങ്ഗമാർന്നവാണു.

ഉശാനി—അടന്ത.

കദാചിദമലദ്യുതിഃ കമലജാത്മജോ നാരദഃ
പ്രഭാതരവി മഗ്രതഃ പരിഭവൻസ്വതേജോഭരൈഃ
കരേ മധുരനിസ്വനാം മണിവിപഞ്ചികാം ധാരയൻ
സമേത്യഹരിസന്നിധിം സ്തുതിഭിരേനമഭ്യാർച്ചയത്.

പത്മനാഭ! ഹരേ! പാഹികൃപാ-
സത്മഹരേ! പരിപാഹി ശൌരേ!
ഭസ്മിതസന്താപവിസ്മിതഭക്തഹൃത്-
പത്മനിലയനാ! പാഹി ശൌരേ!
പാലാഴിവെള്ളത്തിൽ പള്ളികൊള്ളും
പാവനരൂപ! പരമപുരുഷ!
ആദിമൂലശ്രീപരാനന്ദവിഗ്രഹ!
ജ്യോതിഃസ്വരൂപമേ! കൈതൊഴുന്നേൻ (പത്മ)

ജ്ഞാനൊന്നഭാവമകന്നുമിന്നും
ജ്ഞാനികൾ തന്മനോദർപ്പണത്തിൽ
താനേതെളിയും മനോജ്ഞസ്വരൂപമ-
ജ്ഞാനിയായുള്ളവനെങ്ങു കാൺമൂ.
ധർമ്മരക്ഷാർത്ഥമോരോസമയം
കർമ്മാനുകൂലവപുസ്സെടുത്തു
ശർമ്മം ജഗത്തിന്നുചേർത്തു വസിച്ചിട്ടും
നിർമ്മല! പാഹി ഹരേ! മുരാരേ! (പത്മ)

പത്തിവിതിർത്തമേൽക്കെട്ടിചാർത്തും
പന്നഗാധീശപരപര്യങ്കവും
നീലമേഘാഭയും മന്ദസ്മിതനവും
പാലൊഴുകീടുന്ന തൃമുഖവും
നാലുതൃക്കൈകളും കൌസ്തുഭവും വന-
മാലയും മഞ്ജുപീതാംബരവും
കൺമുൻപിലമ്പോടു കാണായ് വരേണമേ!
കല്മഷനാശന! കൈതൊഴുന്നേൻ (പത്മ)

കാമോദരി—ചമ്പ.

സ്ഫുടഭക്തിവിലാസബന്ധുരം
സ്തുതിഗീതാഞ്ജലിമാദരാന്മുനേഃ
പരിഗൃഹ്യതമേവ മൂഢിവാൻ
പരമാനന്ദമയോ ജഗദ്ഗുരുഃ

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU

നാരദമുനീന്ദ്ര! കിമു കുശലമതി കുശലമത്രേ
നാളീകസംഭവതനൂജ!
നാനാദിഗന്തരചര! നാദരസികാഗ്രണേ!
ജ്ഞാനാംബുധേ! ഭവതു ഭദ്രം (നാരദ)
ലോകചരിതങ്ങളതിസൂക്ഷ്മമറിവാനവ
വേഗേന വന്നുപറവാനും
നാരദനൊഴിഞ്ഞൊരാളാം നാസ്തി മമകരണഗണ-
നാവികശ്രേഷ്ഠൻഭവാൻമുനേ! (നാരദ)
നാഗപുരമേദിനീനാകാദിഭുവനജന-
മാകുലതയെല്ലമിയലാതെ
മേവിടുവതോ കഥയ കാലമിതു കലിയിലുളജഗ
ഘോരതരവിഷകലുഷമല്ലീ? (നാരദ)

കാമോദരി—ചെമ്പട.

ക്ലേശനാശന! കേശവ! ഭഗവൻ!
കേൾക്കണമേ സദയം
ഭാഗധേയമിന്നിതിലധികം മമ
വരുവതിനില്ലയി! വാരിജനാഭ! (ക്ലേശ)
കരതലഗാമലകോപമമിയുല-
കഖിലവുമങ്ങകമേ
പരിചൊടുകാണും തിരുവടിനികടേ
പറയുവതെന്തിഹ ഞാൻ (ക്ലേശ)
എങ്കിലുമിന്നറിയുന്നതു ചൊൽവതു
പ്രീതിദമാം ഭവതേ
തൻസുതരോതുവതഖിലം ജനകനു
ഹൃത്സുഖകരമല്ലോ (ക്ലേശ)
ജ്യേഷ്ഠൻ തവ സുരരാട്ടാ,വാനവർ-
നാട്ടിൽപാർപ്പുസുഖം
ജ്യേഷ്ഠാത്മകർ ദാനവരുമധോഭുവി
ദൗഷ്ട്യമൊടമരുന്നു (ക്ലേശ)

9469
13.33

ധർമ്മാവനിയവനം ചെയ്‌വൂ താൽ
പദകമലാപ്പിതധീ
മൂലനൃപാലകതിലകൻസുശ്രീ-
മൂലകൃപാനിലയൻ
സ്വർഗ്ഗസമൃദ്ധിവിജിത്വരവിഭവ-
സമൃദ്ധിയെഴുന്നവിടെ
സ്വപ്രജകൾക്കുവിപത്തണയായ്വാൻ
ദീക്ഷിതനന്നൃവരൻ (ക്ലേശ)
ഇപ്പൊഴുതല്പമനർത്ഥമുദിച്ചിതു
ഹാ!ഹാ! നരകാരേ!
കലിദോഷവശാലെന്നഭവാനാൽ
കഥിതം ഭ്രുതമഹോ! (ക്ലേശ)
നളനരവരനെപ്പണ്ടുവലച്ചോരു
കലിയുടെ നന്ദനനായ്
ജാതിപിശാചീജാതൻനൂതന-
നരകൻഘോരതരൻ (ക്ലേശ)
“സ്പർശാസുര”നെന്നഭിധാനമവൻ
സ്പർശിച്ചീടുകയാൽ
ആശരഭാവമിയന്നുപരസ്പര
നാശകരായ് നരരും (ക്ലേശ)
വേകുന്നു സദാ നരപതിഹൃദയം
ത്തുകുന്നു സ്മൃതിതേ
അകാരുപനിന്നവനെഹനിപ്പാ-
നേകുകദയ ഭഗവൻ! (ക്ലേശ)

മദ്ധ്യമാവതി—അടന്ത.

ഹരിസ്ഥഭോതേന സമീരണേനാ-
നീതം സ്വപാർശ്വം രിപുവർഗ്ഗഗന്ധം
ആഘ്രായതച്ഛോണിതപാരണേച്ഛു-
രുത്തസ്ഥിവാൻ മന്ദ്രഗഭീരനാദഃ

മർത്ത്യലോകവാർത്തയേവമോ മാമുനേ ഭൂവി-
ന്നാർത്തിതീർത്തിടുവൻ ഞാൻ ജവാൽ.
പാർത്ഥിവേന്ദ്രനതിഭക്തൻ പാർക്കിലോ
സ്വപ്രജാസക്തൻ
പാർത്തിടുന്നു പാപമുക്തൻ പാർത്തലേ
ശോകസന്തപ്തൻ (മർത്ത്യ)

കാത്തിരിപ്പൂ ഞാനും മുന്നമേ ധൂർത്തദാനവ
മൂർത്തിയാമക്കലിപുത്രനേ
ചീർത്തിടുന്ന കോപവഹ്നിപേർത്തുമിവൻ ജഗത്തിന്നു
ചേർത്തിടും കഠോരതരകൃത്യനിരന്നിനയ്ക്കുമ്പോൾ (മർത്ത്യ)

എന്തിനിനിയിതെല്ലാം താമസമന്തകൻ തന്റെ
ബന്ധുവാക്കിടുവൻ താമസം
ചിന്തയെന്താണിതിൽ ധർമ്മസിന്ധുവാം ശ്രീമൂലരാജ-
ബന്ധുരവംശത്തിൽ നൂതനാങ്കുരമായ്
ഭവിക്കുന്നോൻ (മർത്ത്യ)

അർഭകനില്ലാഞ്ഞു സന്തതം
തദ്ഭാഗിനേയി സൽഗുണാവനി തപിക്കുന്നു
മൽപദാർച്ചനനിരതയപ്പതിദേവത തന്റെ-
യത്ഭുതസൂനുവായ് ഞാനു
മുത്ഭവിച്ചിടുന്നോൻ ക്ഷണാൽ (മർത്ത്യ)

9469
B. 33

കാലേയാസുരനിഗ്രഹാർത്ഥമഖിലാധീശൻ
ധരാമണ്ഡലേ
മൂലക്ഷ്മാവരപൂർവ്വപുണ്യനിധിയായ് മാറാൻ
കനിഞ്ഞീടവേ
കാലാംഭോദവിനിർഗ്ഗതാമൃതരസം സേവിച്ച
വേഴാമ്പലെ-
പ്പോലാമോദമടങ്ങി മാമുനി മറഞ്ഞാന-
ജ്ജഗന്നാഥനും.

ശ്രീവഞ്ചിവംശഗിരിശേഖരനന്ദിനീസാ
ശ്രീമൂലജാതധരണീശസ്വഭാഗിനേയീ
സ്ത്രീലോകമാതൃപദവീം സ്വഗുണൈഃപ്രപന്നാ-
ശ്രീപാർവ്വതീതിജയതീഹ ജഗജ്ജനിത്രീ.

ആഹരി—അട

ദേവ്യാസ്തത്രനിശാന്തശാന്തസമയേ
കോപ്യത്ഭുതാനന്ദദഃ
സ്വപ്നോഽഭൂത് സുതഭാഗധേയപിശുനഃ
ശുദ്ധാന്തസംമോഹനഃ
സഖ്യൈ തത്സഹചാരിണീഷുസുതരാം
വിസ്രംഭഭൂമീമിഥ-
സ്തദ്വൃത്താന്തമമന്ദഹർഷവിവശേ
മന്ദംവിചിന്ത്യോചതുഃ

ചാരുശീലേ മമ സഖി! ബാലേ! നീയുമിന്നു
ചാരവേയണഞ്ഞു ചെവിതന്നുകേൾക്ക,
ചിത്രതരമൊരുസ്വപ്നം ചിത്തമോഹകര-
മത്രപൊന്നുഷസ്സുദേവിക്കേകികാമ്യം
ചിത്തഭിത്തിതന്നിൽ സ്വപ്നഹസ്തലിഖിതമാം
ചിത്രമേവമാരും മുന്നംകണ്ടതില്ല (ചാരു)
പാരിനേകനാഥൻ ഭക്ത-
പാരിജാതം ജഗത്-
കാരണപൂരുഷനാം ശ്രീപത്മനാഭൻ
തത്സമീപമാൻഹാഹാ! ചിത്സ്വരൂപൻ ഭക്ത-
വത്സലൻ ശിശുതയാൻ കാൺമാറായ് (ചാരു)
പുഞ്ചിരിത്തേൻതുളുമ്പിടും തൃമുഖവുമാക്കും
നെഞ്ചകംകുളുത്തിടുന്ന പിഞ്ചുമെയ്യും
അഞ്ചിതവിലാസവും കണ്ണഞ്ചിടുന്നകാന്തി-
നഞ്ചയവുമെങ്ങനെ പറഞ്ഞിടാവൂ (ചാരു)
പൊങ്ങുമാനന്ദാംബുധിയിൽമുങ്ങിദേവിജഗ

മംഗലമണിഗ്രഹിപ്പാനോങ്ങിഹാഹാ!
എന്തുരപ്പൂ ശൂന്യശൂന്യമെൻനികടം സ്വപ്ന-
വഞ്ചകനെശപിച്ചിതേ കണ്ണിനേയും (ചാരു)

കാമോദരി—ചെമ്പട.

ഉത്തമറാണിമാരണിമുത്താം സ്വാമിനിതൻെറ
ചിത്തമേ! സഖി! കളകയത്തലേവം
സ്വപ്നമല്ലകേവലമിതുൽപ്പലാക്ഷഭഗവാനാൽ
കല്പിതമാം തപഃഫലപ്രാപ്തിയല്ലോ. (ഉത്തമ)
നീണ്ടയമൈന്ദ്രിപോൽനവവർണ്ണഗുണപൂർണ്ണനാകും
നന്ദനനെന്നചിരേണ ലഭിച്ചിടുമേ
എന്നുമല്ല ജഗന്നാഥ ിന്നുതത് കുമാരകനായ്
വന്നുഭൂവിലവതാരംചെയ്യുമാമേ
സർവ്വാദ്യവാരമായപുത്രശോകതപത്തിനു
നിർവൃതിദായകനാമന്നീലമേഘം. (ഉത്തമ)
സുന്ദരിമാർമണിമാലേ! മത്സഖി! നീയിപ്പോൾ
ചൊന്നതുപരമാർത്ഥമായ് വന്നിടുകിൽ
ഇന്നുഭൂമൌ ഭാഗ്യവതീവൃന്ദമൊക്കെയും
പിന്നിലായെന്നുതാൻ കരുതുന്നുഞാനും (ഉത്തമ)

തോടി—ചെമ്പട.

ദൃഷ്ടപാതാദൃശമേവ സുന്ദരതരം
സ്വപ്നാന്തരം വഞ്ചിഭൂ-
സുത്രാമണ്യപിധർമ്മശാലിനി മഹാ
ശ്രീമൂലകേ രാജനി
തത്പാദാംബുജസേവകേഷ്വതിതരാ-
മാപ്തസ്സുമത്യാഹ്വയാ
വിപ്രഃകശ്ചിദുദീർണ്ണവിസ്മയഭരഃ
പ്രാവാചവാചം സുധീഃ

കരുണാ ഭുവിസകലഗുരുണാർത്തജനകല്പ-
തരുണാദർശിതാകിമു ഹരിണാ.
അറിവതാരഹോ! ഭുവി
മറിമായം ഭഗവാനേ!
ഇന്നുതന്നെവന്നുമേ ശുഭോദയ-
മെന്നുതോന്നിടുന്നു ഹന്തചേതസി. (കരുണാ)
മഹിത സൽഗുണഗണസഹിതേ
താവകസ്വരൂപ
സഹകാരതരു സഫലമാമോ
ചിലകാലം ചിലർക്കതുമനതിദൂരഭാവിത-
ന്നഴൽകഴന്നിഴലിതെന്നു ബുധജന-
മരുളിടുന്നു കരളയല്ലതോർക്കുകിൽ (കരുണാ)
പരമാത്മപരിചുംബിപരിണാമമെങ്കിലിതിൽ-
പരമെന്തുഭാഗ്യം മമ വരുവാൻ
കമലാകാമുകപാദകമലാരാധനത്തിനു
സമമനേകവിധ ഗദാപഹൌഷധ-
മതിവിശിഷ്ടമപരമില്ലഭൂമിയിൽ (കരുണാ)

വൃന്ദാവനസാരംഗം— ചെമ്പട.

ഏവം സംശയനിശ്ചയങ്ങൾ പൊരുതും
ഭൂമീന്ദ്രഹൃത് ഭൂമിയിൽ
ആവും ഭാസുരതത്വദീപികതെളി-
ച്ചാശ്വാസമേകീടുവാൻ
അവിമ്മോദമണഞ്ഞുതത്രമുനിമാർ-
മുഖ്യൻ തദാനാരദൻ
ഭാവജ്ഞാഗ്രണി സിദ്ധയോഗിവരത്രു-
പഛത്തമനാചൊല്ലിനാൻ

ഭവതുമംഗളം സദാപി സുമതേ! വിദിതംമേ
തവഹൃദയം
വിമല! വീതസംശയംവാഴ്കനീ ഭാസുരതരമനു
ഭാവിഭവാന്നിനി (ഭവതു)

അറിഞ്ഞുചൊന്നേൻ ദൈവാഭീഷ്ടം സത്യമായ്
ആയത്തുമെൻെറ കൃത്യമായ് സ്വപ്നമിന്നെല്ലാം
സ്തുത്യമായ് സ്വപ്രേയസിക്കീശൻപുത്രനായ്
ജാതനാം പുണ്യമൂർത്തേ! (ഭവ്യ)

നാട്ടക്കുറിഞ്ഞി—ഏകതാളം.

അടിമലരിണതേടുന്നേൻ ഭൂതലഗത
പരയോഗിവരഹിരമേ!
നിജധർമ്മരത! കർമ്മഹതജന്മതതിവർമ്മൻ!
പരശർമ്മപരകർമ്മകര! നിർമ്മല (അടിമലരിണ)
മഹിതമീയാകാരമഹിമയും വാക്കിൻ-
മധുരിമയും പാർത്തുകാൺകിൽ പാരിൽ
പതിച്ചിതു വിയത്തിങ്കൽ സ്ഥിരത്താകും
മുനിതാരഗണത്തിലേകനെന്നോരുന്നേൻ
മോദാർണ്ണവംചേരുന്നേൻ
ആരെന്നതുമുംസ്ഥലിൽ കണ്ണുവും
പാരംകുളുത്തു ദണ്ഡവും
തീരുമഖിലം
പരമാർത്ഥങ്ങൾ പരിചോടേപറഞ്ഞാലും
(അടിമലരിണ)

വസന്തഭൈരവി—ചെമ്പട.

ദ്വിജകുലമൗലേ! ശൃണുസൽഗുണാലയ
മാമകപരമാർത്ഥം
അറികഞാൻ ജഗൽഗുരുകരുണയാലാഗതൻ
ആത്മഭൂതനയനല്ലോ. (നരവര)
സകലം തവഹൃദയം ബോധാത്മകനറിഞ്ഞു
സപദിമാമയച്ചിതേ കളകശംകാം

9469
B 33

വ്യസനേ തവ ശമനം സാമ്പ്രതം ഭവിച്ചിടുമേ
വസിച്ചാലുമിനിമേഖിൽ വിഗതശോകം
കല്യൻ ശ്രീപതിതവ കല്യാണനിധിയല്ലോ
തല്ലീലാവിധമിതെല്ലാം (നരവര)

ദണ്ഡകം.

ഇത്ഥംമൊഴിഞ്ഞുമുനിധൂതപാപകീയവപു-
രത്യന്തശുദ്ധിനിലയം
തെല്ലിടവിളങ്ങി ഭൂസുരനൊതുങ്ങി
മാമുനികൾ തിലകനുടെ പാവനപദാംബുജമഥ-
മാമയഹരംശിരസിചൂടി
അവനീസുരാഭരണസുവിനീതഭാവമുണ-
നവനീതഭോജനസുഖാത്
നവകനകഗാത്രൻ നളിനദലനേത്രൻ
നവനീതതീർത്ഥമയവചനേനനിഷ്കൃതിയു-
മരുളിത്തെളിഞ്ഞു സസുഖം
ഗമനംഗമിച്ചു നിജകദനംശമിച്ചു കഥ-
സകലം ധരിച്ചുനൃപരത്നം
കൗതുകമൊടുവാണു ദിനവുമഥമാണു
അചിരേണ ഗർഭപരിഖേദമനഘരിത-
മധുരാം നിരീക്ഷ്യകുലലക്ഷ്മീം
ധന്യോഹമിത്യഖിലമാന്യൻ കഥിച്ചുപര-
മന്യൂനരക്ഷണവിധൌ
ജാഗ്രതവഹിച്ചേകാഗ്രമതിയായി
പൂരിച്ചു രാജകുലമാരാൽപ്രമോദനദീ-
പൂരമിഹ ജനതതികളുള്ളു
നിധിഗർഭയാകുമൊരുനവരത്നഗർഭയില്ല-

മധികംപ്രമോദയോടുദേവീ
തദനുസുദിനേസാഗ്രഹമഹിതലഗ്നേ
സകലജനകുമുദകുലസുകൃതമിവസുരുചിരകുമാരം
സുഖതരമസൂത സുകുമാരം
ആനന്ദാകുലദിക്കരീന്ദ്രനിവഹ-
ധ്വാനങ്ങൾശംഖധ്വനി-
സ്ഥാനംപൂകി, തെളിഞ്ഞിതാശകൾജനാ-
നാമൊപ്പമബ് ഭ്രുവിലും
ത്തേനായിട്ടുപൊഴിഞ്ഞുമേഘനിവഹം
വാനോരുമാനന്ദനോ-
ദ്യാനത്തോടിഹപോന്നുചിത്രതരമായ്
ചിത്രാവതാരോത്സവം.

അഥ സവവൃധേ ബാലഃശ്രീലഃ
ശശിസിതപക്ഷഗഃ
കുവലയകുലംപ്രാപ്താനന്ദം
ജനന്യപിശീതളാ
തദനു സുതരാം ശ്രാന്തോഭൂപഃ
ക്ഷമാഭരമാത്മന-
സ്സുതപരിനിവേശ്യാദ്ധ്യാവിക്ഷത്
പുരം ത്വമൃതാന്ധസാം.

പാടി—ചെമ്പട.

തസ്മിൻകാലേനിജപുരവരേ ഐന്ദവാ-
ചാരസൗധ-
ന്യാരാത്കേളീമധുവനശതതരാവൃതാം
രമ്യഭൂമിം

അദ്ധ്യാസീനഃ ഖലുദയിതയാ വാമഗാത്ര്യാസപവാമാ-
ങ്ഗോത്സംഗാസീന്യാ ഭൃശമരമതാമോദിതഃ
"സ്വശ്" ദൈത്യഃ

പാടി—ചെമ്പട.

ഈർഷ്യേ! മമ പ്രിയേ! വിഗതേർഷ്യം ശൃണുഗിരമയേ!
ദോഷാകരസുഖം പൂർണ്ണദോഷാകരവദനേ!
കാലമിതുമധുലീലാലോലമാം, കോകിലകുലം
ഇകിടുന്നു കളഗാനം ബാലേ! കളമാനം (ഈർഷ്യേ)
ആശാന്തരാഗസദനമാശ്രുനിശാവദനം
പേശലൻചുംബിപ്പൂഘനകേശി! ശശി കാൺക
ചാരുതരുവരരെയും പുൽകിടുന്നു സുകു-
മാരസുമധാരിണികൾ വല്ലികാമതല്ലികമാർ (ഈർഷ്യേ)
കേകികളനന്യവാക്കകിനിജപ്രിയകൾ-
ക്കാകുലതയകററവേ കോകികളുമയ്യോ!
നാകനാരീനമ്യേ! പതിയോഗഭംഗജന്യ
ശോകവഹ്നിയിൽ നിജാംഗമാഹുതിചെയ്യുന്നു (ഈർഷ്യേ)
മാരസംഗ്രാമോത്സാഹദം കേൾപ്പിതാ സംഗീതം
ഹാ! ദയിതേ! മധുകരജാതനാദം
മാദകാമോദിശീതളമാരുതപോതങ്ങളും
സാദമകററുവാനിതാ സാദരമണഞ്ഞു (ഈർഷ്യേ)

എരിക്കിലക്കാമോദരി—ചെമ്പട.

വല്ലഭ! ജിതകാമ! പൂരയകാമം
കല്യ! സുഗുണധാമ,
അല്ലലകലെ, കരപല്ലവയുഗളിയാൽ
മുല്ലശരകപടമല്ലന്നെവരിഞ്ഞിതാ
തല്ലുവനതിനൊരുകില്ലിനിയില്ലയി! (വല്ലഭ)

തൽകരനഖലിഖിതം ശമിതമദ-
നോൽകടശരപതിതം, മൽകുചതടഭുവി
സൽകലവരബഹുസൽകൃതിരചിതപരിഷ്കൃതി
ചേർത്തലമുരക്കമലത്തിലണയുക മോദം (വല്ലഭ)
എന്തിഹ സന്ദേഹം ശമയദാഹം
സംത്യജപരിമോഹം
ചിന്തിതമഖിലമചിന്തിതരസകര!
ചിന്തവെടിഞ്ഞുമമാന്തികമതിലതി
ബന്ധുതയാന്നയി! കുരുനീസഫലം (വല്ലഭ)

സാരംഗം—അടന്ത.

ഭുജംഗസ്യേവാത്മന്യമിതസുഖദാപ്യസ്യവിഹൃതിഃ
പരേഷാമുദ്വേഗം പരമജനയദ്ഭീതിജനകാ
കദാചിത്തന്മന്ത്രീസഹിതബഹുദുർമ്മന്ത്രരസികഃ
സമാഗത്യാശു ശ്രാരഭസമവോചന്നിജപതിം
ദാനവേന്ദ്ര! നമാമി ശൃണുവചനം പരിപന്ഥി
ബഹുജനകാനനത്തിന്നുദഗ്രദവദഹന!
വിഷ്ടപത്തിലശേഷമിഹ ഭവദിഷ്ടശാസനമാന്നു
ബഹുവിധകഷ്ടമാശുവരുത്തിമനുജരെ
നഷ്ടരാക്കി വസിച്ചിടുന്നിതു (ദാനവേന്ദ്ര)
ഏകസോദരരായമനുജരെയാകമാനമിള-
ക്കിനിരവധിജാതിഭേദമണച്ചു ഹൃദി ബഹു
ഭേദബുദ്ധികൾ ചേർത്തുവാണുഞാൻ. (ദാനവേന്ദ്ര)
ശൌര്യവാരിധിയാമശുദ്ധ! സഖേ!
ശരിയായ് ഭവാനാൽ
കാര്യമഖിലമകാരി മേ സുസഖി!
ഭൂരിമോദമുദിച്ചു മമഹൃദി സാരസാസന

ഹരിഹരാദികളംപാരിലിന്നിതുകാരണാൽ
ജിതരായ് മയാദൃധരിക്കെടോ (ശൌൎയ്യ)
പോരുമേസുരവരനഹമ്മതി
പോരിൽ നഹിജയമവനുനരരിനി
യാരുമരുളുകയില്ലവിധിഹൃതസാരസുര-
ചിരഭോജനം (ശൌൎയ്യ)
വാൎത്തയൊന്നുവിശേഷവിധിയില്ലു-
ണൎത്തുവാനിഹരഹസിവന്നതു മാൎത്തിലേശമെഴാ-
ജഗത്രയകീൎത്തനീയചരിത്രതേ (ദാനവേന്ദ്ര)
പാൎത്തുഞാൻബഹുചാരലോചന
ചാരണൈരറിയുന്നു നരഭുവി
ചൈത്രഭൂപമഹസ്സുനമ്മെഹനിപ്പതിന്നു
വരുന്നപോൽ (ദാനവേന്ദ്ര)
കല്പകാലകൃതാന്തനാലുമഭേദരായൊരു
നമ്മളെബ് ഭുവി കെല്പൊടിന്നൊരുശക്തിയാലെ
വധിപ്പതിന്നായിനാദ്യമോവദ (ശൌൎയ്യ)
ഘോരശക്തിയെഴുംമരുത്തിനെ-
യാരുവാനൊരു ദീപമോ ഹഹ!
പാരമിന്നുതടഞ്ഞിടാൻ തുടരുന്നതുംപരമത്ഭുതം
(ശൌൎയ്യ)
എങ്കിലും രിപുശങ്കചേതസി
അങ്കുരിച്ചതു കാരണാൽകൃതം
സംഗരത്തിനൊരുങ്ങിഗുരുതര
സങ്കടങ്ങളണയ്ക്കുമനുജരിൽ (ശൌൎയ്യ)
ദേവതാനിലയത്തിലും പരമുച്ചനീചതചേൎത്തു
മാനുഷജീവരകമമശേഷമുറവുക
ഭീവെടിഞ്ഞുഗമിക്കെടോ. (ശൌൎയ്യ)

PRESENTED BY:
SRI M. K. VASUDEVAN NAIR
MANAYIKKAVEEDU
MALAYINKIL

കാനക്കുറിഞ്ഞി—പഞ്ചാരി.

മാർത്താണ്ഡതേജസമപീന്ദുഗുണാഭിരാമ-
മാർത്തൗഘദുഃഖശമനം മഹിതാപദാനം
ചിത്രോദിതോജ്ജ്വലമണിപ്രഭവം പ്രഭാവ
മഭ്യേത്യശുദ്ധസചിവോത്തമമന്ത്രമൂചേ

ചൈത്രഭൂമിപാലമൗലിക്ഷാത്രഭാവ!സുപ്രാവ
ജൈത്രശീല! സുഗുണജാല!ഭവതുഭാവുകം.
നാരകീയദുരിതമേകിനാരമഖിലമരുതിചെയ്യും
ഘോരകലിജദനുജനേഹനിക്കസാമ്പ്രതം
തന്നിയോഗകാരിയായദുർന്നയനശ്ശുദ്ധനേയു-
മിന്നുതന്നെവെന്നിടേണമുന്നതാശയ!
ഹിന്ദുദേവമന്ദിരങ്ങളൊന്നുപോൽഹരിജനാദി-
വൃന്ദസേവ്യമാക്കിടേണം വന്ദ്യപൂരുഷ!
പാരിലാരുമതിശയിക്കും ധീരകൃത്യമിതുസമുദ്ര-
പാരമേററിടുംത്വദീയചാരുകീർത്തിയെ

മദ്ധ്യമാവതി—ചെമ്പട.

ധിഷണാനിർജ്ജിതധിഷണ!സഖേ ശൃണുമമ
വചനംമന്ത്രമണേ!
സമയോചിതകരണീയപരായണ!
വിമതവിഹിതവിപദപഗതമധുനാ (ധിഷണാ)
സമയാചാരവിചാരവിഹീനം
സമയാദേവാലയകുലമമരും
കുമതിയെമഥനംചെയ്തേവിശദം
വിമലമതായിവിളങ്ങുംനിയതം. (ധിഷണാ)
കരുണാമൃതഘനമാധവഭഗവ
ച്ചരണാരുണസരസിജരജസാഹം

മുരധികപാരമഹാത്മ്യവതരണം
തരണിവിഹീനം സാധിക്കുന്നേൻ. (ധിഷണാ)
മായായവനികതന്നിൽമറഞ്ഞതനപായംഭ്രമൈര
പായുന്നവനെആയോധനഭുവിവെൽവതിനായ്
കണ്ണായിരമുള്ളവനുംപണിയത്രേ. (ധിഷണാ)
സത്വരമിതിനൊരുപായംമന്ത്രകലോത്തമ!
ചിത്തേനിരൂപിച്ചീടുക
വിസ്തൃതമതിയുത്സാഹജയാകും
ശക്തിയൊടുംപുനരാലോചിപ്പൻ

മുഷ്ടദനുജദാരണൈകശിഷ്ടസിദ്ധിയൊന്നുമനസി
മിഷ്ടശക്തിതെളിവതുണ്ടു ഭവദനുഗ്രഹാൽ(ചൈത്രഭൂമി)

ധിക്കൃതോജ്ജ്വലാക്കചക്രവിക്രമം വിളംബരാഖ്യ-
ചക്രമിന്നയസ്ത്രീലരിയെ നിഗ്രഹിച്ചീടാം (ചൈത്രഭൂമി)

യുക്തായുക്തവിചാര! ഭവാനാ-
ലുക്തം യുക്തമശേഷം പാർത്താൽ
മുഷ്കരർദീപ്തവിളംബരദഹനേ
ശുഷ്കദലസ്ഥിതിതേടും നിയതം (ധിഷണാ)
ഹരിവരദർശനമേററാൽപ്പിന്നെ
കരിനിരയുണ്ടോ ജീവിക്കുന്നു
കരുനാഗം താനെങ്കിലുമെങ്ങനെ
ഗരുഡനെവെന്നു ഗമിച്ചീടുന്നു (ധിഷണാ)
മത്സ്യാഹനാക്കനെരിഞ്ഞിടുമളവിൽ
നിൽക്കുവതോ ഹിമസംഹതിഗഗനേ
മൽക്കരവിധൃതവിചിത്രവിളംബര-
ശക്തിയെയാശു നിയോഗിക്കുന്നേൻ (ധിഷണാ)

സുരുട്ടി—ചെമ്പട.

ചൈത്രപ്രഭാവസ്സതതഃസമന്ത്രഃ
കർത്തവ്യകൃത്യേട്ടഡംബലാചിത്തഃ
സത്യോജ്വലാം സത്പഥദർശിനീം താ-
മുത്സാഹജാം ശക്തിമുവാചവാചം.

ദേഹിമേ വരം ജനനി! ശുഭജനനി!
ദേഹിമേവരം ജനനി!
വെല്ലുവൻവൈരികളെയെല്ലാം ത്വൽകൃപയൊന്നാൽ
(ദേഹി)
ക്രുദ്ധമായുടൻ രിപുക്കുടനിഗ്രഹംചെയ്യ
പീഡയകററുമൂഢപാടവം വിളംബരം (ദേഹി)
കർത്തൃത്വം മനുജനുകേവലമഭിമാനം
സത്യത്തിൽപ്രകൃതിയാം തായേ!നിൻകൃതിസവം(ദേഹി)
ശക്തിയേറിട്ടും പരാശക്തിപോലഭിമത
ശക്തിയേകീടുവാനായാവോളം നമിക്കുന്നേൻ (ദേഹി)
ധീരഹൃദയ!തനയ! ജയസുനയ! ധീരഹൃദയ!തനയ!
കാരണബ്രഹ്മമതി കാര്യാനുഗതഗതി
നാരിയെങ്ങ് എങ്ങുകാമ്യവീരസുപദവിയും (ധീര)
ഖിണ്ഡലംരവിശശിമണ്ഡലങ്ങളാൽധന്യം
പൂണ്ടിടുന്നല്ലോപുണ്യം പൂവിനാൽലതകളും (ധീര)
എന്തുവാൻതവഹിതമന്തരാമമഹിതം
ബന്ധുവത്സല! ലോകബന്ധനമഴിച്ചാലും (ധന്യ)
ധർമ്മകഞ്ചുകധര! കർമ്മപൂരുഷഹരേ!
നിർമ്മല! ഭുവനൈകശർമ്മദ ജയജയ! (ധീര)
ഏവം പ്രസാദമധുരം വചനാമൃതംത-
ദാസ്വാദ്യന്തനരുചിഃസന്തപപ്രഭാവഃ
താവത്സ്വനിഷ്ഠവരവൈഷ്ണവചക്രധാമ
ധ്യായൻ ബഭൌദരനിമീലിതലോചനശ്രീഃ

ഖണ്ഡാരം—മുറിയടന്ത.

തതഃക്ഷണാദ് ദീപ്തസഹസ്രരോചിഷാം
സഹസ്രമപ്യാകുലയൻ സ്വതേജസാ
സുദർശനോപ്യന്യജനാസുദർശനോ
വിളംബരഃ സോപ്യവിളംബമാഗതഃ

കിന്തുകരണീയമധുനാ കഥയനാഥ
കിന്തുകരണീയമധുനാ.
എന്തുവാൻനിന്നു ഭവൽപ്രഭാവം പരം
ചിന്തുമടിയന്നസാദ്ധ്യം ധരിത്രിയിൽ
ഹന്തവരുണനും വായുവും വഹ്നിയു-
മന്തകൻതാനും മടങ്ങുംമമാന്തികേ (കിന്തു)

രക്ഷോഗണമന്നെതിർക്കിലും ദാനവ-
ലക്ഷമെതിർക്കിലും ഭസ്മമാക്കീടുവൻ
സത്വരസമാദേശയ രിപുകുഞ്ജര-
മസ്തകഭേദനംചെയ്യുവരുവൻഞാൻ (കിന്തു)

എത്രനാളായികൊതിപ്പൂ രിപുഗള-
നിർഗ്ഗളഘോരാണിതധാരയിൽനീന്തുവാൻ
ഇപ്പോളതിന്നുതാൻയോഗം ഭവിക്കിലോ
ക്ഷിപ്രം സഫലം മദീയം മനോരഥം. (കിന്തു)

മദ്ധ്യമാവതി—ചെമ്പട.

ചക്രായുധവരസാരവിളംബര!
വിക്രമവാരിനിധേ!
പ്രക്രാന്താഖിലഭുവനപദക്രമ!
വരിക രണനിപുണ വിരവൊടുസവിധേ (ചക്ര)

മാനുഷരെഭുവി ഭേദിപ്പിക്കും
ദാനവരെബ്ഭുതി ചുട്ടുപൊടിപ്പാൻ
ആനീതൻനീ താമസഘനനം
തൈജസകല്പിതമല്ലാതായം (കിഞ്ചു)

അക്കെരസ്പർശത്താൽ ദഹനനെ-
യുദ്ഗിരണംചെയ്വൂ രവികാന്തം
ഇക്കൃത്യം ഭുവി സാധിച്ചീടാൻ
മൽക്കരസംഗതനീതാൻ ശക്തൻ
സ്വർശ്ശുദ്ധാവിഹീനമതാക്കുക
സുരജനനിലയനമഖിലം സുമതേ!
ഹരിജനമൊന്നിച്ചാഢ്യന്മാരും
ഹരിപദകമലം സേവിക്കട്ടെ!

അ്ജ്ഞാംഭത്തുഃ ശിരസ്യഞ്ജലിമഥഹൃദയേ
സമ്യഗാധായ ദ്രവ്യ-
ദ്ദോർദ്ദണ്ഡാഗ്രപ്രചണ്ഡദ്യുതിരമിതഗതി-
ർഭിന്നസർവ്വാന്ധകാരഃ
കല്പാന്താഗ്നിപ്രദീപ്തഃ സതുഗഗനതലേ
വിസ്ഫുലിംഗാൻ വിതന്വ-
ന്നുദ്ഗത്യാലോകനീയോജ്ജ്വലകനകവിമാ-
നാഭയാ ഗാം ജഗാഹേ!

പുന്നാഗവരാളി—അടന്ത.

അസുരരണ വിമോഹിതാത്മനാം
സചരിതാഗ്രാംഗുണശാലിനാമപി
നിശിധർമ്മവസുന്ധരാ സ്മൃതി-
മുഹുരാർത്ത്യാവ്യലപജ്ജഗത്പതിം.

കാരുണ്യനിലയ! മഹാവിഷ്ണോ മാമിന്നു
കമലാപതേ! കാൺക നീ
സന്താപസിന്ധുച്ചുഴിയിലടിഞ്ഞുഞാൻ
സന്തതം തകരുമാറായിതുനാഥ!

പുത്രസൌഖ്യമോതിൻജീവിതേപുണ്യം
ക്ഷയിച്ചുപോയിതോ? വെറുതേയിതോ!

ഇല്ലയോ കരുണയഗതിയാമിവളിൽ
തെല്ലുമീശ്വര! കരുണാസാഗര!

മാനവർ മമ സുതരാകവേ സ്വശ്-
ദാനവവിമോഹിതരാകവേ
ദീനവത്സല! നീറിമാനസം നിദ്രാ-
ഹീനയായ് വസിപ്പൂ ദിവാനിശം.
ക്ഷീണമോ പെരുകുന്നു ദൈവമേ ഹന്ത!
പ്രാണനും കറിനൻ സ്വദൈവമ
പ്രാണനായകഹരേ! വരികനീ ചക്ര-
പാണിയായ് ദലിതരിപുചക്ര!

മാനിനീധനമോക്കിൽ മാനമൊന്നുതാനല്ലോ
മഹിതസദ്ഗുരോ! ത്രാഹിമാം

അതിദുർവ്വഹദുഃഖനിർഭരാ
വിലപന്തീ മുഹുരക്ഷമാ ക്ഷമാ
രജനീപരിണാമദർശിതാ-
കൃതിനാ ശ്രീപതിനാ സ്ഥിരീകൃതാ

ഖണ്ഡാരം.

കാല്യേതസ്മിൻ കുടിലതരകധ്വാന്തവിധ്വംസശുദ്ധോ
രക്ഷ്യവ്യാപത് പ്രശമവിധിനാ നിസ്തുലായാം തുലായാം.
ദീപാവല്യാകലിതപരിവാരാഞ്ചിതേ ഭാനുബിംബേ
ജ്യോതിശ്ചൈത്രം തദരിയുഗമേത്യാജപാലം സംബഭാഷേ

PRESENTED BY:
SRI M. K. VASUDEVAN NAIR

ദുഷ്ടനിശാചര! തിഷ്ഠ തിഷ്ഠ ശഠ!
പെട്ടെന്നുനിന്നെഞാൻനഷ്ടനാക്കീടുവൻ
ഒട്ടുകാലംകൊണ്ടുദേവാലയങ്ങളി-
ലിഷ്ടഭാവംപൂണ്ടുവാണുജനങ്ങളെ
കഷ്ടതാമധ്യത്തിലാഴ്ത്തിഭ്രമിപ്പിച്ച
ദുഷ്ടദുഷ്ട! നിന്നെവിട്ടീടുകില്ലിനി.
പണ്ടുനരകനെക്കൊന്നുധരിത്രിത-
ന്നിണ്ടലൊഴിച്ചസുധീന്ദ്രമീതാക്കുന്നീ
രണ്ടാമതുണ്ടായവൻനീഭുവനൈകക-
കണ്ടകനാമിന്നുനിന്നെയുംകൊല്ലുവൻ
ശുദ്ധസനാതനധർമ്മത്തെനിർദ്ദയം
മർദ്ദനംചെയ്തുമദിച്ചുനടക്കുന്ന
ഉദ്ധതാശുദ്ധ! നിന്നുത്തമാംഗാസൃജാ
ശുദ്ധീകരിക്കുന്നുപൃഥ്വിയെസത്വരം.

ഇത്ഥംമഹോഗ്രതരഗർജ്ജനതർജ്ജനൈഃസ-
രുദ്ധ്വാവിളംബരവരഃപരിപന്ഥിമാർഗ്ഗം.
സ്വശ്ശം തദീയസഹകാരിണമപ്യശുദ്ധം
യുദ്ധേവിജിത്യസമവർത്തിപുരംനിനായ
വവർഷുഃസപാനന്ദംഭുവിസുരഗണാഃപുഷ്പനികരൈഃ
പ്രമോദംകിന്നര്യഃശ്രുതിമധുരഗീതൈർവ്വിദധിരേ
ധരിത്രീസംപൂർണ്ണാമൃതകലശകേരദ്രുമകരൈ-
രിവ ഹർഷോത്കർഷംസ്ഫുടമുപഹരന്തീ ചിരമഭാത്.

സൌരാഷ്ട്രം — ചെമ്പട.

വിജയതാമവദാതഗുണശ്ചിരം
വിശ്രുതചൈത്രമഹീശൻ

ജനകരുണാവരുണാലയഭൃതൻ
മോഹനരൂപിഗഭീരൻ
ഹരിജനസങ്കടനാശനനമലൻ
ഹരിപദസേവനലോലൻ
സകലകലാപതി സജ്ജനസേവ്യൻ
സുവിരചിതകരണസുധീരൻ
സകലജനാവലിഹൃദയസുപൂജിത
സുരുചിരവിഗ്രഹശാലീ. (വിജ)

സമാപ്തം.

---

ശുഭം ഭൂയാത്.

ഗ്രന്ഥകർത്താവിന്റെ

# മററു കൃതികൾ.

---

**മണികണ്ഠമാല്യം.**

നാടകീയമായ ഒരു ശാസ്തൃസ്തോത്രം.

**കലേശൻ.**

ഹൃദയാവർജ്ജകമായ ഒരു ഖണ്ഡകാവ്യം.

ഇവ അച്ചടിച്ചു തയാറായി വരുന്നു.

എസ്. കെ. ആചാരി,
പണ്ഡിററു്
Mss. ലൈബ്രറി,
തിരുവനന്തപുരം.

B. 33

# ശ്രീചൈത്രവിജയം

കഥകളി.

മഹോപാദ്ധ്യായഃ

എസ്. കെ. ആചാരി.